<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5303**</u> <u>**15-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൊക്കാളി നെല്ലിന് പ്രത്യേക താങ്ങുവില പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉത്പാദനോപാധികളുടെ വില , കൂലിച്ചെലവ് എന്നിവയിൽ വന്നു കൊണ്ടിരിക്കുന്ന വർദ്ധനവ് പൊക്കാളി നെല്ലുത്പാദനത്തിനുള്ള ചെലവ് വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ, ***പൊക്കാളി നെല്ലിന്റെ ഉത്പാദനച്ചെലവ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സംഭരണവില നിശ്ചയിക്കുന്നതിന്*** നടപടി സ്വീകരിയ്ക്കുന്നതിന്റെ ഭാഗമായി പൊക്കാളി നെല്ലിന്റെ ഉത്പാദനച്ചെലവ് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ പ്രൈസസ് ബോർഡ് ചെയർമാനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പൊക്കാളി നെല്ലിന്റെ ഉല്പാദന ചെലവ് കണക്കാക്കുന്നതിന് ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതി ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉത്പാദനോപാധികളുടെ വില , കൂലിച്ചെലവ് എന്നിവയിൽ വന്നു കൊണ്ടിരിക്കുന്ന വർദ്ധനവ് പൊക്കാളി നെല്ലുത്പാദനത്തിനുള്ള ചെലവ് വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ, ***പൊക്കാളി നെല്ലിന്റെ ഉത്പാദനച്ചെലവ് കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സംഭരണവില നിശ്ചയിക്കുന്നതിന്*** നടപടി സ്വീകരിയ്ക്കുന്നതിന്റെ ഭാഗമായി പൊക്കാളി നെല്ലിന്റെ ഉത്പാദനച്ചെലവ് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ പ്രൈസസ് ബോർഡ് ചെയർമാനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പൊക്കാളി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമപഞ്ചായത്ത് സ്ഥാലം എം.എൽ.എ. വഴി സമർപ്പിച്ചതും വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതുമായ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (സി) | പൊക്കാളി നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കടമക്കുടി ഗ്രാമപഞ്ചായത്ത് സ്ഥാലം എം.എൽ.എ. വഴി സമർപ്പിച്ച അപേക്ഷ ഭക്ഷ്യ പൊതു വിതരണ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധി ക്കുകയുണ്ടായി. 2022-2023 സീസണിലേക്കുള്ള നെല്ല് സംഭരണ രജിസ്ട്രേഷൻ വെബ് സൈറ്റിൽ കടമക്കുടി കൃഷി |

| | | | |
|---|---|---|---|
| | | | ഭവൻ ഉൾപ്പെട്ടിട്ടുണ്ടെന്നും, കടമക്കുടി പഞ്ചായത്തിലെ കർഷകർ യഥാസമയം നെല്ല് സംഭരണ രജിസ്ട്രേഷൻ പൂർത്തീകരിച്ച് കടമക്കുടി കൃഷി ഓഫീസർ അംഗീകരിക്കുന്നമുറയ്ക്ക് , ടി പഞ്ചായത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പൊക്കാളി നെല്ല് , നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നല്കുന്ന സംഭരണ വിലയ്ക്ക് സപ്ലൈകോ സംഭരിയ്ക്കുമെന്നാണ് ഭക്ഷ്യ പൊതു വിതരണ വകുപ്പ് അറിയിച്ചിരിക്കുന്നത്. |
| (ഡി) | സഹകരണ വകുപ്പിന്റെ സഹകരണത്തോടെ നെല്ല് സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സിവിൽ സപ്ലൈസ് മുഖേന നെല്ല് സംഭരിക്കുമ്പോൾ നൽകുന്ന സംഭരണ വിലയ്ക്ക് നെല്ല് നൽകുവാൻ പൊക്കാളി കർഷകർ തയ്യാറല്ലാത്തതിനാൽ സപ്ലൈകോ മുഖേന നെല്ല് സംഭരിച്ചിട്ടില്ല. എന്നാൽ കടമക്കുടിയിലെ പള്ളിയാക്കൽ സഹകരണ ബാങ്ക്, കോരമ്പാടം സർവീസ് സഹകരണ ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങൾ 40-50 രൂപയ്ക്ക് വരെ , വിവിധ ഗ്രേഡ് അനുസരിച്ച് , പൊക്കാളി നെല്ല് സംഭരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ